ഉത്തരം

(എ) ഉണ്ട്.

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

1.	ചെമ്പുകടവ് II	-	3.75 മെഗാവാട്ട്
2.	ഉറുമി I	-	3.75 മെഗാവാട്ട്
3.	ഉറുമി II	-	2.4 മെഗാവാട്ട്
4.	ലോവർ മീൻമുട്ടി	-	3.5 മെഗാവാട്ട്

ഇക്കൊല്ലം നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ ഇവയാണ്.

1.	മണിയാർ ടെയിൽ റേസ്	-	4 മെഗാവാട്ട്
2.	പൂഴിത്തോട്	-	4.8 മെഗാവാട്ട്
3.	വിലങ്ങാട്	-	7.5 മെഗാവാട്ട്
4.	ചാത്തൻകോട്ടുനട	-	6 മെഗാവാട്ട്
5.	പീച്ചി	-	1.5 മെഗാവാട്ട്
6.	ബാരാപോൾ	-	21 മെഗാവാട്ട്

കൂടാതെ 46.25 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ സഹകാര്യ മേഖലയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ പവർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള SHP സെല്ലിൽ നടന്നു വരുന്നു.

(സി) 475 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിയുന്ന 103 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇതിനകം 78.60 മെഗാവാട്ട് സ്ഥാപിതശേഷി ചെറുകിട ജലവൈദ്യുത പദ്ധതികൾ മുഖേന ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ലോവർ മീൻമുട്ടി (3.5 മെഗാവാട്ട്) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു കരുതുന്നു.

(എഫ്) ഉണ്ട്.

നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് റഗുലേറ്ററി കമ്മീഷൻ

67 [1168] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോ ടെൻഷൻ, ഹൈ ടെൻഷൻ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് നിരക്ക് കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് റഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം ബോർഡിന്റെ മുന്നിൽ വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റെടുത്ത ശേഷം നടപ്പാക്കിയ മീറ്റർ വാടക, ഡ്യൂട്ടി എന്നിവ നിർത്തലാക്കാൻ ബോർഡ് തയ്യാറാവുമോ; ഇതിൽ നിന്നും പ്രതിമാസം എത്ര കോടി രൂപയാണ് ബോർഡിന് അധികമായി ലഭിച്ചു കൊണ്ടിരിക്കുന്നത്?

ഉത്തരം

(എ) ലോ ടെൻഷൻ വിഭാഗത്തിൽ I (a) ഗാർഹികം VII (A) & (B) വാണിജ്യം എന്നീ വിഭാഗങ്ങൾക്ക് എനർജി ചാർജ്ജിൽ യൂണിറ്റിന് 20 പൈസയുടെ കുറവ് 1-1-2006 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ഇല്ല

(സി) 1963-ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരമാണ് ഡ്യൂട്ടി ഈടാക്കി വരുന്നത്. യു. ഡി. എഫ്. സർക്കാർ അധികാരമേറ്റെടുക്കുന്നതിനു മുമ്പു തന്നെ ഇതു പ്രാബല്യത്തിലുണ്ട്. ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന തുക സർക്കാരിലേക്കാണ് അടയ്ക്കേണ്ടത്. മീറ്റർ വാടക ഇനത്തിൽ ഏകദേശം 102 കോടി രൂപയാണ് ബോർഡിന് ലഭിക്കുന്നത്. മീറ്റർ വാടക നിർത്തലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

68 [1169] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ ബോർഡിന് എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്;

(ബി) അതിൽ ഒരു ലക്ഷം രൂപയിലധികം കുടിശ്ശികയുള്ള എത്ര സ്വകാര്യ ഹൈ ടെൻഷൻ ഉപഭോക്താക്കൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; അവരിൽ നിന്നും ആകെ എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ട്;

(സി) പാലക്കാട് ജില്ലയിൽ ഇത്തരത്തിലുള്ള എത്ര സ്വകാര്യ ഹൈ ടെൻഷൻ ഉപഭോക്താക്കൾ ഉണ്ട്; എങ്കിൽ അവർ ആരെല്ലാം; ഓരോ സ്ഥാപനങ്ങളും എത്ര ലക്ഷം രൂപ വീതമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്; കുടിശ്ശിക തുക തിരിച്ചു പിടിക്കാൻ ബോർഡ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 30-9-2005 വരെ 1467.13 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) 30-9-2005-ലെ കണക്കനുസരിച്ച് ഒരു ലക്ഷം രൂപയിലധികം കുടിശ്ശിക യുള്ള 533 ഹൈ ടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുണ്ട്. ഇവരിൽ നിന്നും 526.26 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഒരുലക്ഷം രൂപയിലധികം കുടിശ്ശി കയുള്ള സ്വകാര്യ ഹൈടെൻഷൻ ഉപഭോക്താക്കൾ എത്ര ഉണ്ടെന്ന് ഇനം തിരിച്ചിട്ടില്ല.

(സി) 71 സ്ഥാപനങ്ങളുണ്ട്. ഓരോ സ്ഥാപനത്തിന്റെ പേരും തുകയും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.† കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ, കോടതി നടപടികൾ എന്നിവ സ്വീകരിക്കുന്നുണ്ട്. കൂടാതെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/154/2013—13

LIBRARY ARCHIVES Kerala Legislative Assembly